എറണാകുളം	6	പയ്യന്നൂർ	2
കാസർഗോഡ്	4	തിരുവല്ല	1
		ചിറ്റൂർ	6

(സി) 264 സർവ്വീസുകൾ

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. ഡിപ്പോ ഇല്ലാത്ത താലൂക്കുകൾ

84 (2797) ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യുടെ ഡിപ്പോ ഇല്ലാത്ത ഏതെല്ലാം താലൂക്കുകൾ സംസ്ഥാനത്തുണ്ട് ;

(ബി) കെ.എസ്.ആർ.ടി.സി. യുടെ ഡിപ്പോ ഇല്ലാത്ത താലൂക്കുകളിൽ അവ അനുവദിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) കുന്നത്തൂർ താലൂക്കിൽ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ അനുവദിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) കെ.എസ്.ആർ.ടി.സി. ഡിപ്പോ ഇല്ലാത്തതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) താലൂക്ക് തിരിച്ചുള്ള ഡിപ്പോയുടെ കണക്കുകൾ എടുത്തിട്ടില്ല.

(ബി) ഡിപ്പോകൾ ആരംഭിക്കുന്നത് താലൂക്ക് അടിസ്ഥാനത്തിലല്ല.

(സി) കുന്നത്തൂർ താലൂക്കിൽ ഡിപ്പോ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി & ഇ) ബസ്സുകളുടേയും, ജീവനക്കാരുടെയും അഭാവംമൂലം പൊതുവെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

വയനാട് ചുരം റോഡിലുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

85 (2798) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശസാൽക്കൃത റൂട്ടായിരുന്ന വയനാട് ചുരം റോഡിലൂടെ ഇപ്പോൾ എത്ര ദീർഘദൂര പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ആർ.ടി.സി. ഏറെ ലാഭം കൈവരിച്ചിരുന്ന വയനാട് ചുരം റൂട്ടിലൂടെ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് അനുവദിച്ചതു വഴി ഈ റൂട്ടിൽ ഓടുന്ന കെ. എസ്. ആർ.ടി.സി. യുടെ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(സി) വയനാട് ചുരം റൂട്ടിലൂടെ സർവ്വീസ് നടത്തുന്നതിന് കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് മുൻഗണന നല്കുവാനും പ്രൈവറ്റ് ബസ്സുകൾക്ക് തുടർന്ന് പെർമിറ്റ് അനുവദിക്കാതിരിക്കുന്നതിനും നടപടികൾ കൈക്കൊള്ളുമോ ;

ഉത്തരം

(എ) 9 എണ്ണം.

(ബി) ഉണ്ട്.

(സി) വയനാട് ചുരം റൂട്ട് 26-10-1976 ലെ ഗവൺമെന്റ് നോട്ടിഫിക്കേഷൻ നമ്പർ 21263/75/പി.ഡബ്ല്യൂ ആന്റ് റ്റി പ്രകാരം ദേശസാൽക്കരിച്ചിട്ടുണ്ട്. എന്നാൽ മലയോര പ്രദേശമായതിനാലും ഗതാഗത സൗകര്യങ്ങളുടെ അഭാവം മൂലവും 3-2-1986 ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ. (പി) നം. 19/86/പി.ഡബ്ല്യൂ. ആന്റ് റ്റി. പ്രകാരം രണ്ടിൽ കൂടുതൽ ഇന്റർ മീഡിയറ്റ് പോയിന്റ് നേരിട്ട് ടച്ച് ചെയ്യാതെ പെർമിറ്റ് കൊടുക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ആയതിനാൽ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കാതിരിക്കുവാൻ തല്ക്കാലം നിർവ്വാഹമില്ല.

ബസ്സ് ഇടിച്ച് മരണപ്പെട്ട ചെല്ലമ്മയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

86 (2799) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഡിസംബർ മാസത്തിൽ നെടുമങ്ങാട് ഡിപ്പോയിലുള്ള നെടുമങ്ങാട്-മമ്മികുഴി ബസ് ഇടിച്ച് കരിങ്കട ജംഗ്ഷനിൽ വച്ച് മരണപ്പെട്ട ചെല്ലമ്മയുടെ ആശ്രിതർക്ക് സർക്കാർ എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് മരണപ്പെട്ട ചെല്ലമ്മയുടെ ഭർത്താവ് കരിങ്കടച്ചോണത്ത് വീട്ടിൽ ശ്രീ. തങ്കപ്പൻ നൽകിയ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ശ്രീമതി ചെല്ലമ്മയുടെ ആശ്രിതർക്ക് അടിയന്തിരമായി നഷ്ടപരിഹാരം നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) നഷ്ടപരിഹാരം നൽകിയിട്ടില്ല.

(ബി) ശ്രീ. തങ്കപ്പൻ നൽകിയ പരാതി വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്ക് ബന്ധപ്പെട്ടവർക്ക് അയച്ചു കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly